പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :202 — 01.12.2014 ൽ മറുപടിക്ക്

അച്ചടി -ദൃശ്യ-മാധ്യമങ്ങൾക്ക് നൽകുന്ന കേസുകളുടെ വിവരങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ .കെ. എൻ.എ. ഖാദർ<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ അച്ചടി, ദൃശ്യ മാധ്യമങ്ങൾക്ക നൽകുന്നതിലും പ്രസ്തുത വിഷയത്തിൽ കസ്റ്റഡിയിൽ ഏറ്റെടുക്കുവന്നവരെ അവയ്ക്ക് മുമ്പിൽ പ്രദർശിപ്പിക്കുന്നതിലും നിലവിലുള്ള നിയന്ത്രണ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും | കേരള പോലീസ് ആക്ടിലെ അദ്ധ്യായം 5 റൂൾ 31 (3) പ്രകാരം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ അച്ചടി, ദൃശ്യ മാധ്യമങ്ങൾക്ക നൽകുന്നതിലും പ്രസ്തുത വിഷയത്തിൽ കസ്റ്റഡിയിൽ ഏറ്റെടുക്കുവന്നവരെ അവയ്ക്ക് മുമ്പിൽ പ്രദർശിപ്പിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. സംസ്ഥാന പോലീസ് മേധാവി ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പോലീസ് ആക്ടിലും, മനുഷ്യവകാശ നിബന്ധനകളിലും പ്രസ്തുത വിഷയം സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | ഇവയുടെ ലംഘനം നിരീക്ഷിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്നും, വ്യവസ്ഥാ ലംഘനത്തിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ 2013, 2014 കാലയളവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദവിവരം നല്കാമോ? | (സി) | സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചും, ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും ഇവയുടെ ലംഘനം നടക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ചുവരുന്നുണ്ട്. പ്രസ്തുത വ്യവസ്ഥാലംഘനത്തിന്റെ പേരിൽ 2013, 2014 വർഷ കാലയളവിനിടയിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫറൂക്ക് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറെ ഇത്തരം വ്യവസ്ഥ ലംഘിച്ചതിന്റെ പേരിൽ സസ്പെന്റ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ

87